# അക്കാദമിക് മാസ്റ്റർപ്ലാൻ

# 2025-2026


## ലിയോ തേർട്ടീന്ത് ഹയർസെക്കണ്ടറി സ്കൂൾ

## ആലപ്പുഴ

**സ്ഥാപിതം: 1888**

Phone: 0477 2245788 / 8289937386
35004alappuhza@gmail.com

# വിദ്യാലയ ചരിത്രം



കിഴക്കിന്റെ വെനീസിലെ തിലകക്കുറിയായി നൂറ്റാണ്ടുകളുടെ പാരമ്പര്യമുള്ള വിദ്യാനികേതനാണ് ലിയോതേർട്ടീന്ത് ഹയർ സെക്കണ്ടറി സ്കൂൾ. പദ്രുവാദോ എന്നറിയപ്പെടുന്ന പോർച്ചുഗീസ് സംരക്ഷണ സംവിധാനത്തിന്റെ കീഴിൽ മിഷനറി പ്രവർത്തനം നടത്തിയിരുന്ന സെന്റ് ആന്റണീസ് വിദ്യാലയമാണ് ലിയോ പതിമൂന്നാമൻ മാർപാപ്പയുടെ ജൂബിലി സ്മരണ നിലനിർത്തുന്നതിനുവേണ്ടി ലിയോ തേർട്ടീന്ത് എന്നു നാമകരണം ചെയ്യപ്പെട്ടത്. 1889 ജൂൺ 1-ാം തീയതി ലിയോ തേർട്ടിന്ത് മിഡിൽ സ്കൂളായി. 1912-ൽ അന്നുവരെ നടപ്പാക്കപ്പെട്ടുവന്ന മെട്രിക്കുലേഷൻ പദ്ധതിക്കുപകരം ഇ.എസ്.എൽ.സി. പദ്ധതി ആരംഭിച്ചതോടെ ലിയോ തേർട്ടീന്ത് മിഡിൽസ്കൂൾ, ഹൈസ്കൂളായി ഉയർത്തപ്പെട്ടു. 1969-ൽ ഈ സ്ഥാപനം ഈശോ സഭക്കാർ രൂപതയ്ക്കു കൈമാറുകയും ഇപ്പോൾ ആലപ്പുഴ രൂപതാ കോർപ്പറേറ്റ് മാനേജുമെന്റിന്റെ കീഴിൽ പ്രവർത്തിച്ചുവരുകയും ചെയ്യുന്നു. കേരളത്തിലെ വിദ്യാഭ്യാസ പുനഃസംവിധാനത്തിന്റെ ഭാഗമായി 1998 ൽ ലിയോ തേർട്ടീന്ത് ഹൈസ്കൂൾ ഹയർസെക്കണ്ടറി സ്കൂളായി ഉയർത്തപ്പെട്ടു.

130 വർഷം പൂർത്തീകരിക്കുന്ന ഈ വിദ്യാലയം അനേകർക്ക് വഴികാട്ടിയായിട്ടുണ്ട്. ജീവിതത്തിന്റെ വിവിധ മേഖലകളിൽ ഇന്ന് ഈ വിദ്യാലയത്തിലെ പൂർവ്വവിദ്യാർത്ഥികൾ പ്രവർത്തിക്കുന്നു. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ജോലി ചെയ്യുന്ന ഇവരെ ഒന്നിപ്പിക്കുന്ന സൈറ്റ് 'സ്കൂൾ വിക്കി'നിലവിലുണ്ട്.

നിലവിലെ സ്കൂൾ കെട്ടിടം കേരള ഗവൺമെന്റ് പൈതൃകപട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 130വർഷം പഴക്കമുള്ള കെട്ടിടം ആലപ്പുഴയിലെ പ്രശസ്തമായ നിർമ്മിതിയാണ്.

## 20 വർഷത്തിനു ശേഷം നമ്മുടെ വിദ്യാലയം

പൊതു വിദ്യാലയങ്ങൾ വെല്ലുവിളി നേരിടുന്ന ഒരു കാലഘട്ടമാണ് ഇന്ന്. സി.ബി.എസ്.സി. വിദ്യാലയങ്ങൾ കൂണുപോലെ മുളച്ചുപൊന്തുന്ന ഈ കാലഘട്ടത്തിൽ അവയോട് മത്സരിച്ച് നിൽക്കുവാൻ നമുക്ക് കഴിയണം. സമൂഹത്തിന്റെ അന്ധമായ സി.ബി.എസ്.സി. സ്കൂൾ പ്രണയം മാറ്റി വിദ്യാർത്ഥികളെ പൊതു വിദ്യാലയങ്ങളിലേയ്ക്കു കൊണ്ടുവരിക വളരെയധികം ശ്രമകരമാണ്.

| | |
|---|---|
| വിദ്യാലയത്തിന്റെ പേര് | : ലിയോ തേർട്ടീന്ത് ഹയർസെക്കണ്ടറി സ്കൂൾ, ആലപ്പുഴ |
| ഫോൺ | : 0477- 2245788 / 8289937386 |
| ഇ- മെയിൽ | : 35004alappuzha@gmail.com |
| സ്കൂൾ കോഡ് | : 35004 , 32110100814 (UDISE) |
| വിദ്യാഭ്യാസ ഉപജില്ല | : ആലപ്പുഴ |
| വിദ്യാഭ്യാസ ജില്ല | : ആലപ്പുഴ |
| റവന്യൂ ജില്ല | : ആലപ്പുഴ |
| ബി.ആർ.സി | : ആലപ്പുഴ |
| നിയമസഭാ മണ്ഡലം | : ആലപ്പുഴ |
| പാർലമെന്റ് മണ്ഡലം | : ആലപ്പുഴ |
| തദ്ദേശസ്വയംഭരണ സ്ഥാപനം | : ആലപ്പുഴ മുനിസിപ്പാലിറ്റി |
| സ്കൂൾ മാനേജർ | : റവ.ഫാ. ഫ്രാൻസീസ് കൊടിയനാട് |
| പ്രഥമാധ്യാപകൻ | : ശ്രീ. മാനുവൽ ജോസ് |

***മുൻ പ്രഥമാധ്യാപകർ***

| | |
|---|---|
| ശ്രീ. എം.കെ ജോർജ് | 1912-1936 |
| റവ.ഫാ. ജോസഫ് കോയിൽപറമ്പിൽ | 1936-1947 |
| റവ.ഫാ. ജോസ് കന്നങ്കൽ എസ്.ജെ | 1947-1959 |
| റവ. ഫാ. എം. സി ജോസഫ് എസ്.ജെ | 1959-1969 |
| ശ്രീ. ജേക്കബ് ജോസഫ് | 1969-1979 |
| ശ്രീ. കെ.സി സെബാസ്റ്റ്യൻ | 1979-1983 |
| ശ്രീ. വി.എസ് ജോർജ് | 1983-1987 |
| ശ്രീ. തോമസ് ജയിംസ് | 1987-1988 |
| ശ്രീ. സി.റ്റി ആന്റണി | 1988-1991 |
| ശ്രീ. സെബാസ്റ്റ്യൻ പോത്തൻ | 1991-1995 |
| ശ്രീ. എ,പി യൂജിൻ | 1995-1997 |
| ശ്രീ. ബഞ്ചമിൻ ജോസഫ് | 1997-1999 |
| ശ്രീ. എം.ജെ ഫിലിപ്പ് | 1999-2003 |
| ശ്രീ. ലൂക്ക് തോമസ് | 2003-2003 |
| ശ്രീ. ജൊവാക്കിം മൈക്കിൾ | 2006-2010 |
| ശ്രീ. കെ. ബി ഫ്രാൻസീസ് | 2010-2013 |
| ശ്രീ. ജോസി ബാസ്റ്റിൻ കെ.എസ് | 2013-2017 |
| ശ്രീ. എ.എ സേവ്യർകുട്ടി | 2017-2020 |
| ശ്രീ. പി.എസ് ക്ലീറ്റസ് | 2020-2021 |
| ശ്രീമതി ഷീല ആന്റോ | 2021-2023 |
| ശ്രീമതി ഡാനി നെറ്റോ | 2023-2025 |

## ലക്ഷ്യങ്ങൾ

1. ജാതിമത വ്യത്യാസമില്ലാതെ, ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച്, സൗജന്യ വിദ്യാഭ്യാസം എല്ലാ വിഭാഗം ജനങ്ങളിലും എത്തിക്കുക.
2. അക്കാദമിക് മികവിന് ഉപകരിക്കുന്ന വിധത്തിൽ ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കുക.
3. സമൂഹനന്മയ്ക്കാവശ്യമായ മൂല്യങ്ങൾ വളർത്തിയെടുക്കത്ത പാഠ്യപദ്ധതി രൂപീകരിക്കുക.
4. 5-ാം ക്ലാസ് മുതൽ 12-ാം ക്ലാസ് വരെ പാഠ്യപദ്ധതിക്ക് അനുസൃതമായി നേടേണ്ട ശേഷികൾക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങൾ രൂപപ്പെടുത്തൽ.

## ലിയോ തേർട്ടീന്ത് എച്ച്.എസ്.എസ്. ഭൗതിക നേട്ടങ്ങൾ

130 വർഷം പിന്നിട്ട ഈ വിദ്യാലയത്തിൽ മെച്ചപ്പെട്ട ഭൗതിക സാഹചര്യങ്ങളാണുള്ളത്. +2 തലത്തിൽ 16 മുറികളും ഹൈസ്കൂൾ തലത്തിൽ 21 മുറികളും ഹൈടെക് ക്ലാസ്മുറികളാണ്. ക്ലാസ്മുറികൾ ആവശ്യത്തിന് നമുക്കുണ്ട്. ചുറ്റുമതിലും കവാടവും എല്ലാം സ്കൂളിനുണ്ട്.

## ഭൗതിക പരിമിധികൾ

ഡിജിറ്റൽ സ്റ്റുഡിയോ സ്കൂളിന് ആവശ്യമാണ്. ക്ലാസ് റൂം ലൈബ്രറികൾ, ഡിജിറ്റൽ ലൈബ്രറി, സർവ്വസജ്ജമായ കുട്ടികൾക്ക് പ്രവർത്തനങ്ങൾ ചെയ്തു പഠിക്കാവുന്ന ലാബ്, നക്ഷത്ര പഠനകേന്ദ്രം എന്നിവ സജ്ജികരിക്കേണ്ടതാണ്.

## അക്കാദമിക് നേട്ടങ്ങൾ

രണ്ടുവർഷം തുടർച്ചയായി 100% വിജയം നേടി. കായിക രംഗത്ത് ജില്ലയിൽ ഒന്നാംസ്ഥാനത്ത്. സംസ്ഥാനതലത്തിൽ വരെ കായിരംഗത്ത് നേട്ടങ്ങൾ കൊയ്തുകൊണ്ടിരിക്കുന്നു. പ്രവ്യത്തി പരിചയമേള, ശാസ്ത്രമേള, ഗണിതശാസ്ത്രമേള, സാമൂഹ്യശാസ്ത്രമേള എന്നിവയിൽ മുൻനിരയിൽ നിൽക്കുന്നു.

## മികവിനായി എറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

| അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|
| • ഭാഷാശേഷി വികസനം | • ചിൽഡ്രൻസ് പാർക്ക് | • പി.ടി.എ. ശക്തിപ്പെടുത്തൽ |
| • ഗണിതശേഷി വികസനം | • ക്ലാസ്സ് മുറികൾ | • എസ്.എം.സി.., കാര്യക്ഷമമാക്കൽ |
| • ഇംഗ്ലീഷ് പഠന പരിപോഷണം | • വിശ്രമമുറി | • വിദ്യാലയ വികസന സമിതി |
| • ശാസ്ത്രപോഷണം പരിപാടി | • കമ്പ്യൂട്ടർ റൂം | • പൂർവ്വവിദ്യാർത്ഥന സംഘനയുടെ |
| • വായനാ പരിപോഷണം | • മൽട്ടിമീഡിയ റൂം | പ്രവർത്തനം |
| • ലൈബ്രറി ശാക്തീകരണം | • ലൈബ്രറി | • എസ്.എസ്.ജി. |
| • ലബോറട്ടറി ആധുനികവത്കരിക്കൽ | • അടുക്കള | • എൽ.എസ്.ജി. ബന്ധം |
| • പ്രതിഭാപോഷണ പരിപാടി | • അസംബ്ലി ഹാൾ | • ഗ്രന്ഥശാലകൾ, ക്ലബ്ബുകൾ |
| • നാടകക്കളരി | • കുടിവെള്ള വിതരണം | സന്നദ്ധസംഘടനകൾ |
| • ജൈവ വൈവിധ്യപാർക്ക് | • മാലിന്യ സംസ്കരണം | വിദ്യാഭ്യാസ പ്രവർത്തകർ |
| • സാഹിത്യ പോഷണ പരിപാടികൾ | • ടോയിലറ്റ് | പൂർവ്വാധ്യാപകർ |
| • പഠനയാത്രകൾ | • ലബോറട്ടറി | സഹകരണ സ്ഥാപനങ്ങൾ |
| • സെമിനാറുകൾ | • ജന്മദിനത്തിനൊരു പുസ്തകം | വ്യവസായ ഗ്രൂപ്പുകൾ |
| • കലാ-കായികമേള | • ചിത്രരചന | എന്നിവയുടെ സേവനം |
| • ഐ.ടി. പരിശീലനം | • എന്റെ വീട്ടിലും | പ്രയോജനപ്പെടുത്തൽ |
| • അദ്ധ്യാപക ശാക്തീകരണ പരിപാടികൾ | ഒരു കൃഷിത്തോട്ടം | • ക്ലാസ് പി.ടി.എ. മാതൃകാപര |

| | | |
|---|---|---|
| ● ക്ലാസ്സ് പി.ടി.എ. സജീവമാക്കൽ<br>● സ്കൂൾ പത്രം/മാസിക<br>● പ്രവൃത്തി പരിചയപഠനം<br>● എസ്.ആർ.ജി. ശാക്തീകരണം<br>● ശാസ്ത്രാഭിരുചി വളർത്തൽ<br>● പച്ചക്കറിത്തോട്ടം<br>● രചനാശില്പശാല<br>● അഭിമുഖങ്ങൾ<br>● മെഡിക്കൽ ക്യാമ്പ്<br>● പോഷകാഹാര പരിപാടി<br>● പാവനാടക പരിശീലനം/ശില്പശാല<br>● ഒറിഗാമി ശില്പശാല<br>● ഗണിതലാബ്, ഗണിതാതന്തരീക്ഷമൊരുക്കൽ<br>● ഭാഷാലാബ്<br>● ബാല<br>● ബ്ലോഗ്<br>● ടോം മൂല്യനിർണയം, നിരന്തരവിലയിരുത്തൽ<br>● ദിനാചരണം<br>● കായിക പഠനം<br>● ഗവേഷണാത്മകമാ പ്രവർത്തനങ്ങൾ | ● എന്റെ ചെടി എനിക്കും പറയാനുണ്ട്<br>● ഭാഷോത്സവം<br>● ഗണിതോത്സവം<br>● മെട്രിക് മേള | മാക്കുന്നതിനുള്ള നടപടികൾ<br>● വിദ്യാലയ മികവുകൾ പൊതുസമൂഹവുമായി പങ്കിടൽ<br>● വിദ്യാലയ വിഭവങ്ങൾ സമൂഹത്തിന് കൂടി പ്രയോജനപ്പെടുത്തൽ<br>● റിസോഴ്സ് മാപ്പിംഗ്<br>● പൊതുസമൂഹത്തിന് അവധി ദിവസങ്ങളിൽ കമ്പ്യൂട്ടർ പരിശീലനം<br>● പഠനക്കൂട്ടം<br>● പ്രാദേശിക പി.ടി.എ.<br>● ഭവന സന്ദർശനം |
| | | |

പ്രവർത്തനം

പേര് : സമഗ്രഗുണമേന്മ പദ്ധതി

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഓരോ തലത്തിലും കുട്ടി നേടേണ്ട ശേഷികൾ ഉറപ്പുവരുത്തൽ | പഠനത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളെ മുൻപന്തിയിൽ കൊണ്ടുവരുന്നതിനായി അവർക്കായി അധിക സമയ ക്ലാസുകളും പ്രവർത്തനങ്ങളും സംഘടിപ്പിക്കുക. | ഒരു വർഷം | അധ്യാപകർ | |

പ്രവർത്തനം

പേര് : വിമുക്തി ക്ലബ്ബ്

മേഖല : ആരോഗ്യം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ജീവിതമാണ് ലഹരി | കുട്ടികളെ ലഹരിയിൽ നിന്ന് അകറ്റിനിർത്തുന്നതിനും ശാരീരിക മാനസിക ആരോഗ്യം നിലനിർത്തുന്നതിനമായി സുംബാ, ബോധവൽക്കരണ ക്ലാസുകൾ, ശാരീരിക സൗന്ദര്യ മത്സരം എന്നിവ സംഘടിപ്പിക്കുക. | ഒരു വർഷം | അധ്യാപകർ, എക്സൈസ് | |

പ്രവർത്തനം

പേര് : സ്കൂൾ സുരക്ഷ

മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിദ്യാർത്ഥികളുടെ സുരക്ഷ ഉറപ്പുവരുത്തുക | സ്കൂൾ അങ്കണത്തിലും വീട്ടിൽ നിന്നും സ്കൂളിലേക്കും, തിരികെ വീട്ടിലേക്കുമുള്ള യാത്രാവേളകളിൽ ഉൾപ്പെടെ കുട്ടികളുടെ സമ്പൂർണ്ണ സുരക്ഷ ഉറപ്പുവരുത്തുക. | ഒരു വർഷം | അധ്യാപകർ, PTA, SMC, പോലീസ് | |

പ്രവർത്തനം

പേര് : ഹരിത ക്യാമ്പസ്

മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സ്കൂൾ അങ്കണം പരമാവധി ഹരിതാഭമാക്കൽ | വിദ്യാലയത്തിന്റെ വിവിധ ഭാഗങ്ങളിൽ പരമാവധി തണൽ മരങ്ങൾ വച്ച് പിടിപ്പിച്ച് അവയുടെ പരിപാലനം ഗ്രൂപ്പ് തിരിച്ച് കുട്ടികൾക്ക് നൽകൽ | ഒരു വർഷം | നേച്ചർ ക്ലബ് | നേച്ചർ ക്ലബ്, പി.റ്റി.എ |

പ്രവർത്തനം

പേര് : മത്സരപരീക്ഷകൾക്ക് പരിശീലനം

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവിധ മത്സര പരീക്ഷകൾക്കായി കുട്ടികളെ തയ്യാറാക്കൽ | അധ്യാപകരും മുൻ അധ്യാപകരും ഉൾപ്പെടുന്ന സമിതി രൂപീകരിച്ച് എൻ.എം.എം.എസ്, USS, വിവിധതരം സ്കോളർഷിപ്പ് പരീക്ഷകൾ, ക്വിസ് മത്സരങ്ങൾ തുടങ്ങിയവയ്ക്കായി വൈകുന്നേരങ്ങളിൽ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുക. | ഒരു വർഷം | അധ്യാപകർ | |

പ്രവർത്തനം

പേര് : രക്ഷിതാക്കൾക്ക് ഇ -സാക്ഷരത

മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിദ്യാലയ വിഭവങ്ങൾ സമൂഹവുമായി പങ്കുവെക്കൽ | സ്മാർട്ട്ഫോൺ ഉപയോഗം, വിവിധ കമ്പ്യൂട്ടർ ആപ്ലിക്കേഷനുകളുടെ സാധ്യത, ഡിജിറ്റൽ ലോകത്ത് പാലിക്കേണ്ട മര്യാദകൾ എന്നിവയെ കുറിച്ച് രക്ഷിതാക്കൾക്ക് പരിശീലനം നൽകുക | ഒരു വർഷം | ലിറ്റിൽ കൈറ്റ്സ് | |

പ്രവർത്തനം

പേര് : പ്ലാസ്റ്റിക്കിന്റെ പുനരുപയോഗം

മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പ്ലാസ്റ്റിക്കിന്റെ പുനരുപയോഗം പ്രോത്സാഹിപ്പിക്കുക | കുട്ടികളുടെ നേതൃത്വത്തിൽ സ്കൂൾ, വിവിധ സ്ഥാപനങ്ങൾ, വീടുകൾ എന്നിവയിൽ നിന്നും പ്ലാസ്റ്റിക് പേനകൾ, കുപ്പികൾ എന്നിവ ശേഖരിച്ച് അവ പുനരുപയോഗത്തിനായി നൽകുക. | ഒരു വർഷം | സീഡ് ക്ലബ് അംഗങ്ങൾ | |

പ്രവർത്തനം

പേര് : നാട്ടുവൈദ്യം

മേഖല : ആരോഗ്യം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അന്യം നിന്ന് പോകുന്ന നാട്ടുവൈദ്യത്തെ കുറിച്ചുള്ള ബോധവൽക്കരണം. | നാട്ടുവൈദ്യന്റെ സഹായത്തോടെ കുട്ടികളിൽ ബോധവൽക്കരണം നൽകുകയും അത് നിത്യജീവിതത്തിൽ പ്രാവർത്തികമാക്കാൻ സഹായിക്കുകയും ചെയ്യുന്നു | ഒരു വർഷം | സീഡ് ക്ലബ് അംഗങ്ങൾ | പി.റ്റി.എ |

പ്രവർത്തനം

പേര് : സൗരോർജ്ജ പാനൽ

മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകളെ ഉപയോഗപ്പെടുത്തൽ | ഓഡിറ്റോറിയത്തിന് മുകളിൽ സൗരോർജ്ജ പാനൽ സ്ഥാപിച്ച വിവിധ ആവശ്യങ്ങൾക്ക് വൈദ്യുതി ലഭ്യമാക്കൽ | ദീർഘകാലം | എനർജി ക്ലബ്, പി.റ്റി.എ, മാനേജ്മെന്റ് | സി.എസ്. ആർ ഫണ്ട് കണ്ടെത്തൽ |

പ്രവർത്തനം

പേര് : ബയോഗ്യാസ് പ്ലാന്റ്

മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മാലിന്യത്തെ ഊർജ്ജമാക്കി മാറ്റൽ | വിദ്യാലയത്തിൽ ഉണ്ടാകുന്ന ജൈവമാലിന്യം ബയോഗ്യാസ് പ്ലാന്റിൽ നിക്ഷേപിച്ച് പാചക ആവശ്യത്തിനുള്ള ഊർജ്ജം കണ്ടെത്തൽ | ഒരു വർഷം | പി.ടി.എ, ന്യൂൺമീൽ കമ്മറ്റി | 2 ലക്ഷം അനെർട്ട് പി.റ്റി.എ |

പ്രവർത്തനം

പേര് : ന്യൂട്രീഷൻ ഗാർഡൻ

മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിഷരഹിത പച്ചക്കറികൾ ഉത്പാദിപ്പിക്കൽ | കുട്ടികളുടെ പങ്കാളിത്തത്തോടൊപ്പം മുരിങ്ങ, വേപ്പ്, പാപ്പായ തുടങ്ങിയ വിവിധതരം നാടൻ പച്ചക്കറികൾ സ്കൂൾ അങ്കണത്തിൽ കൃഷി ചെയ്യുക | ഒരു വർഷം | സീഡ് ക്ലബ് അംഗങ്ങൾ, ന്യൂൺമീൽ കമ്മറ്റി | 1000/- പി.റ്റി.എ ന്യൂൺമീൽ കമ്മറ്റി |

പ്രവർത്തനം

പേര് : ഔഷധസസ്യ തോട്ടം

മേഖല : ആരോഗ്യം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവിധതരം ഔഷധസസ്യങ്ങളെ പരിചയപ്പെടുകയും പരിചരിക്കലും | കുട്ടികളെ ഔഷധസസ്യങ്ങളുടെ പ്രാധാന്യം മനസ്സിലാക്കിക്കുകയും അത് നിത്യജീവിതത്തിൽ ഉപയോഗിക്കാൻ പ്രാപ്തരാക്കുകയും ചെയ്യുന്നു | ഒരു വർഷം | സീഡ് ക്ലബ് അംഗങ്ങൾ | 500/- പി.റ്റി.എ |

പ്രവർത്തനം

പ്രവർത്തനത്തിന്റെ പേര് : ഇംഗ്ലീഷ് അസംബ്ലി

ഉപമേഖല : ഇംഗ്ലീഷ് ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കുക. | ആഴ്ചയിൽ രണ്ടു ദിവസം കുട്ടികൾ തന്നെ അസംബ്ലിയുടെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുക. അദ്ധ്യാപകർ ഇഗ്ലീഷിൽ സന്ദേശം നൽകൽ. ഓരോ ക്ലാസ്സുകൾക്കും ഇടവിട്ട് ചുമതല നൽകൽ | ആഴ്ചയിൽ 2 ദിവസം | ക്ലാസ്സ് ടീച്ചർ | |

പ്രവർത്തനം

പേര് : ഇംഗ്ലീഷ് ഡയറി

ഉപമേഖല : ഇംഗ്ലീഷ് ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| തെറ്റില്ലാതെ അനായാസംഇംഗ്ലീഷ് എഴുതാനുള്ള ശേഷി നേടൽ | ഓരോ ദിവസവും വിദ്യാലയത്തിലും വീട്ടിലും നടക്കുന്ന സംഭവങ്ങളുടെ ചുരുക്കും ഇംഗ്ലീഷിൽ ഡയറിയിൽ എഴുതുക. | ആഴ്ചയിൽ 5 ദിവസം | ഇംഗ്ലീഷ് അദ്ധ്യാപിക | |

പ്രവർത്തനം

പ്രവർത്തനത്തിന്റെ പേര് : ഇംഗ്ലീഷ് തീയറ്റർ

ഉപമേഖല: ഇംഗ്ലീഷ് ഭാഷ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷയെ സർഗാത്മക പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കൽ | പാഠപുസ്തകത്തിലെ ഇംഗ്ലീഷ് പാഠഭാഗങ്ങളെ പുസ്തകത്തിൽ പ്രതിപാദിച്ചിരിക്കുന്നതിൽ നിന്നും വ്യത്യസ്തമായി വ്യവഹാര രൂപങ്ങളിലേക്ക് മാറ്റിയെഴുതി സദസ്സിനു മുമ്പാകെ അവതരിപ്പിക്കൽ ഉദാ. skit, Convertsation, drama etc. | പ്രതിമാസ പരിപാടി | എച്ച്.എം./ ഇഗ്ലീഷ് അദ്ധ്യാപകൻ | 2000/- പി.ടി.എ. |

പ്രവർത്തനം

പേര് : ഇംഗ്ലീഷ് ബുള്ളറ്റിൻ

ഉപമേഖല : ഇംഗ്ലീഷ് സർഗ്ഗാത്മക രചന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിൽസർഗാത്മക രചന നടത്തുന്നതിനുള്ള ശേഷി കൈവരിക്കൽ | ഓരോ മാസവും ഏതെങ്കിലും വിഷയം കേന്ദ്രീകരിച്ച് ബുള്ളറ്റിൻ തയ്യാറാക്കൽ<br>Example<br>June : Monsoon<br>July : Population<br>August : Freedom<br>Sept. : Onam etc. | പ്രതിമാസ പരിപാടി | എച്ച്.എം./ ഇംഗ്ലീഷ് അദ്ധ്യാപിക | 2000/- (പരസ്യത്തിലൂടെ കണ്ടെത്താം |

പ്രവർത്തനം

പേര് : ഇംഗ്ലീഷ് ഫെസ്റ്റ്

ഉപമേഖല : ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വ്യാകരണ ശുദ്ധിയോടെ ഇംഗ്ലീഷ് പറയാനും എഴുതാനും കഴിയുന്ന നിലവാരത്തിലേക്ക് എത്തിക്കൽ | മദ്ധ്യവേനൽ അവധിക്കാലത്ത് 5 ദിവസത്തെ ഇംഗ്ലീഷ് ഫെസ്റ്റ് മുഴുവൻ പ്രവർത്തനങ്ങളും ഇംഗ്ലീഷിൽ തന്നെ ചെയ്യൽ | 5 ദിവസം (അവധിക്കാലം) | പി.ടി.എ. പ്രസിഡന്റ് എച്ച്.എം. | 10000/- (പ്രതിവർഷം സി.എസ്.ആർ. ഫണ്ട്) |

പ്രവർത്തനം

പേര് : ഇംഗ്ലീഷിൽ കത്തെഴുത്ത് (English pen friends)

ഉപമേഖല : ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് രചനയിൽ പ്രാവീണ്യം നേടൽ | സ്കൂളിലെ ഒരു മാസത്തെ അക്കാദമിക് പ്രവർത്തനങ്ങളുടെ വിശേഷങ്ങൾ മറ്റൊരു ജില്ലയിലെ സമാന ക്ലാസ്സിലെ കുട്ടികളുമായി പ്രതിമാസ കത്തിടപാടിലൂടെ പങ്കുവയ്ക്കൽ | മാസത്തിൽ ഒന്നുവീതം | ക്ലാസ്സ് ടീച്ചർ | പ്രതിവർഷം 10000/- ( പി.ടി.എ. ഫണ്ട്) |

പ്രവർത്തനം

പേര് : പ്രസംഗ തർജ്ജമ

ഉപമേഖല : ഇംഗ്ലീഷ് ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| തത്സമയ വിവർത്തന പാടവം നേടൽ | മലയാളത്തിൽ തയ്യാറാക്കിയ പ്രസംഗം ഒരാൾ അവതരിപ്പിക്കുന്നു. ഇംഗ്ലീഷ് ദ്വിഭാഷി ഇംഗ്ലീഷിലേക്ക് പരിഭാഷപ്പെടുത്തുന്നു. | പ്രതിമാസ പരിപാടി | ഇംഗ്ലീഷ് ക്ലബ്ബ് | - - |

പ്രവർത്തനം

പേര് : പദപ്രശ്ന നിർമ്മാണം

ഉപമേഖല : ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കളികളിലൂടെയുള്ള ഭാഷാപഠനം | ഇംഗ്ലീഷ് പദപ്രശ്നം നിർമ്മിക്കുന്നു. കുട്ടികൾക്ക് ഉത്തരം കണ്ടെത്തുവാൻ നിശ്ചിത ദിവസം നൽകുന്നു. വിജയികളെ നറുക്കെടുപ്പിലൂടെ പ്രഖ്യാപിക്കുന്നു. | പ്രതിമാസ പരിപാടി | ഇംഗ്ലീഷ് ക്ലബ്ബ് | - - |

പ്രവർത്തനം

പേര് : ഇംഗ്ലീഷ് കോർണർ

ഉപമേഖല : ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് പഠനാന്തരീക്ഷം സൃഷ്ടിക്കൽ | ക്ലാസ്സ് മുറികളിൽ ഇംഗ്ലീഷ് പ്രസിദ്ധീകരണങ്ങൾ, പുസ്തകങ്ങൾ എന്നിവയുടെ ശേഖരം ഒരുക്കൽ. കുട്ടികൾക്ക് കാണാവുന്ന വിധത്തിൽ ഒരു പൊതുസ്ഥലത്ത് ഭിത്തിയിൽ ഇംഗ്ലീഷ് വാർത്തകൾ പ്രദർശിപ്പിക്കുന്നതിനുള്ള ബോർഡ് സ്ഥാപിക്കൽ | പ്രതിമാസ പരിപാടി | ഇംഗ്ലീഷ് ക്ലബ്ബ് | - - |

പ്രവർത്തനം

പേര് : രചനാ ശില്പശാല

ഉപമേഖല : മാതൃഭാഷയിലെ വിവിധശേഷികളുടെ വികാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സർഗ്ഗാത്മക രചനകളിൽ ഏർപ്പെടാൻ അവസരമൊരുക്കൽ, വായനാസാമഗ്രികളുടെ നിർമ്മാണം | കഥയരങ്ങ്/കവിയരങ്ങ്/ രചനാ ശില്പശാല എന്നിവ സംഘടിപ്പിക്കൽ. രൂപപ്പെടുന്ന ഉത്പന്നങ്ങൾ അച്ചടിച്ച് പ്രസിദ്ധീകരിക്കൽ ക്ലാസ്സുമുറിയിലെ പഠന സാമഗ്രിയായി മേൽപറഞ്ഞ ഉത്പന്നങ്ങളെ ഉപയോഗിക്കൽ | രണ്ടു മാസത്തിൽ ഒരു പ്രാവശ്യം | വിദ്യാരംഗം കലാസാഹിത്യ വേദി | 5000/- സ്പോൺസർ ഷിപ്പ് |

പ്രവർത്തനം

പേര് : ബ്ലോഗ് നിറയ്ക്കൽ യജ്ഞം

ഉപമേഖല : ഭാഷാശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| രചനകൾ നവ മാദ്ധ്യമങ്ങളിലൂടെ പ്രസിദ്ധീകരിക്കൽ | കുട്ടികളുടെ മികച്ച രചനകൾ സ്കൂൾ ബ്ലോഗിൽ ചേർക്കൽ | പ്രതിമാസ പരിപാടി | വിദ്യാരംഗം, എസ്.ഐ. റ്റി.സി. | - - |

പ്രവർത്തനം

പേര് : സർഗ്ഗ സല്ലാപം

ഉപമേഖല : ഭാഷാ വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാഷയിലൂടെ വിവിധ ശേഷികളിൽ മികവുനേടുക | പ്രാദേശികമായി ലഭ്യമാകുന്ന എഴുത്തുകാരെ സ്കൂളിലെത്തിക്കൽ. അവരുടെ വായന/ എഴുത്ത് അനുഭവങ്ങൾ കുട്ടികളുമായി പങ്കുവയ്ക്കൽ. പ്രസിദ്ധീകരിക്കൽ | വർഷത്തിൽ രണ്ടു പ്രാവശ്യം | എച്ച്. എം. & പി.ടി.എ. | 2000/- സ്പോൺസർ ഷിപ്പ് |

പ്രവർത്തനം

പേര് : ഗ്രന്ഥശാലാ ശാക്തീകരണം

ഉപമേഖല : ഭാഷാശേഷികളുടെ വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവിധ സാഹിത്യ രൂപങ്ങൾ പരിചയപ്പെടാൻ അവസരമൊരുക്കൽ | ഗ്രന്ഥശാലയിലേക്ക് കൂടുതൽ പുസ്തകങ്ങൾ ഭവനസന്ദർശനത്തിലൂടെ കണ്ടെത്തൽ. പുസ്തകങ്ങൾ വർഗ്ഗീകരിച്ച് ക്രമീകരിക്കൽ. കാറ്റലോഗ്, വിതരണ രജിസ്റ്റർ എന്നിവ ശാസ്ത്രീയമാക്കൽ | വർഷത്തിൽ രണ്ടു പ്രാവശ്യം | എച്ച്. എം., പി.ടി.എ., ലൈബ്രറിയൻ | 2000/- സ്പോൺസർ ഷിപ്പ് |

പ്രവർത്തനം

പേര് : നാടകക്കളരി

ഉപമേഖല : ഭാഷാശേഷികളുടെ വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഒരു സാഹിത്യ രൂപത്തെ മറ്റൊരു രൂപത്തിലേക്ക് മാറ്റൽ | പരിചയപ്പെട്ടിട്ടുള്ള ബാലസാഹിത്യ നോവലുകൾ/ ചെറുകഥകൾ എന്നിവയുടെ നാടകാവിഷ്കരണം | പ്രതിമാസ പരിപാടി | ആർട്ട്സ് ക്ലബ്ബ് | – – |

പ്രവർത്തനം

പേര് : അഭിമുഖങ്ങൾ / സെമിനാറുകൾ

ഉപമേഖല : സർഗ്ഗശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സർഗ്ഗശേഷികളുടെ പരിപോഷണം | പ്രശസ്തരായ സാഹിത്യകാരന്മാരുമായി അഭിമുഖം നടത്തൽ. സാഹിത്യനായകന്മാർ പങ്കെടുക്കുന്ന വിവിധ സെമിനാറുകൾ സംഘടിപ്പിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | ഒ.എസ്.എ. | 10000/- (ഒ.എസ്.എ.) |

പ്രവർത്തനം

പേര് : ദിനാചരണങ്ങൾ

ഉപമേഖല : സമഗ്ര വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവിധ ശേഷികളുടെ വികസനം | ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ എസ്.ആർ.ജി.യിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | എസ്.ആർ.ജി. | - - |

പ്രവർത്തനം

പേര് : ഒറിഗാമി ശില്പശാല

ഉപമേഖല : അക്കാദമികം / ഗണിതശേഷികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| രസകരമായ ഗണിത ശാസ്ത്രപഠനവും കരചലന ശേഷികളുടെ വികാസവും | ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ. വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. അവയുടെ ഗണിതസവിശേഷതകൾ പട്ടികപ്പെടുത്തൽ, പ്രദർശനം സംഘടിപ്പിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | എസ്.ആർ.ജി. ഒ.എസ്.എ. | 1000/- ഒ.എസ്.എ. |

പ്രവർത്തനം

പേര് : ഗണിതലാബ് സജ്ജീകരിക്കൽ

മേഖല/ഉപമേഖല : അക്കാദമികം / ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കൽ. ലാബിൽ വച്ച് ഗണിത ക്ലാസ്സ് നടത്തൽ | ആവശ്യാനുസരണം | എസ്.ആർ.ജി. ഗണിത ക്ലബ്ബ് | - - |

പ്രവർത്തനം

പേര് : ഗണിത പാർക്ക്

മേഖല/ഉപമേഖല : അക്കാദമികം / ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിതം മധുരതരമാക്കൽ | ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയമുറ്റത്ത് പാർക്ക് സജ്ജമാക്കൽ | ഒരു പ്രാവശ്യം | ഗണിത ക്ലബ്ബ് | 1000/- (പി.ടി.എ.) |

പ്രവർത്തനം

പേര് : ശാസ്ത്രലാബ് നവീകരിക്കൽ

മേഖല/ഉപമേഖല : അക്കാദമികം / ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രലാബിനെ സജ്ജീകരിക്കൽ | സയൻസ് ലാബിലെ വിവിധ ഉപകരണങ്ങളും രാസവസ്തുക്കളും ഫിസിക്സ്, കെമിസ്ട്രി, ബയോളജി എന്നിങ്ങനെ ഇനംതിരിച്ച് ക്രമീകരിക്കൽ. കാറ്റലോഗ് തയ്യാറാക്കൽ ഇരിപ്പിടങ്ങൾ സജ്ജമാക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | സയൻസ് ക്ലബ്ബ് | - - |

പ്രവർത്തനം

പ്രവർത്തനത്തിന്റെ പേര് : ശാസ്ത്രപോഷണ പരിപാടി

മേഖല/ഉപമേഖല : അക്കാദമികം / ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രീയ മനോഭാവം രൂപപ്പെടുത്തൽ | ശാസ്ത്രത്തിന്റെ രീതി, ജനപക്ഷ ശാസ്ത്രത്തിന്റെ അനിവാര്യത, ശാസ്ത്രം ജനനന്മയ്ക്ക് എന്നിവ കേന്ദ്രീകരിച്ചുള്ള ക്ലാസ്സുകൾ, സംവാദങ്ങൾ തുടങ്ങിയവ സംഘടിപ്പിക്കൽ | പ്രതിമാസ പരിപാടി | സയൻസ് ക്ലബ്ബ് | 10000/- (എസ്.എസ്.ജി.) |

പ്രവർത്തനം

പ്രവർത്തനത്തിന്റെ പേര് : പ്രതിഭാപോഷണ പരിപാടി

മേഖല/ഉപമേഖല : അക്കാദമികം / ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പ്രതിഭകൾക്ക് വിദഗ്ധ പരിശീലനവും ക്ലാസ്സുകളും നൽകൽ. | ശാസ്ത്രത്തിൽ മികവാർന്ന നിലവാരം പുലർത്തുന്ന കുട്ടികൾക്കായി പ്രത്യേക പരിശീലന ക്ലാസ്സുകൾ ഒഴിവുദിനങ്ങളിൽ സംഘടിപ്പിക്കൽ | അവധി ദിവസങ്ങൾ | എസ്.ആർ.ജി. എസ്.എസ്.ജി. | 5000/- (സ്പോൺ സർഷിപ്പ്) |

പ്രവർത്തനം

പ്രവർത്തനത്തിന്റെ പേര് : ശാസ്ത്രയാത്രകൾ (Field Trips)

മേഖല/ഉപമേഖല : അക്കാദമികം / ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രപഠനം രസകരമാക്കൽ | കുസാറ്റിലെ ശാസ്ത്ര സമൂഹകേന്ദ്രം, ശാസ്ത്ര പ്രദർശനങ്ങൾ, മെഡിക്കൽ പ്രദർശനങ്ങൾ തുടങ്ങിയവ നിരീക്ഷിക്കുന്നതിനുള്ള പഠനയാത്രകൾ | പ്രതിവർഷം 3 യാത്രകൾ | സയൻസ് ക്ലബ്ബ് പി.ടി.എ. | 15000/- (ഒ.എസ്.എ.) |

പ്രവർത്തനം

പേര് : മേളകൾ

മേഖല/ഉപമേഖല : അക്കാദമികം / ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രം പ്രവർത്തനമാണ് എന്ന് മനസ്സിലാക്കുക | സ്കൂൾതല ശാസ്ത്രമേളയിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കൽ, ഉപജില്ല തലത്തിൽ പരമാവധി പങ്കാളിത്തം. | വർഷത്തിൽ ഒരു പ്രാവശ്യം | സയൻസ് ക്ലബ്ബ് | 10000/- (സി.എസ്.ആർ. ഫണ്ട്) |

പ്രവർത്തനം

പേര് : സാമൂഹ്യ ശാസ്ത്രലാബ്

മേഖല/ഉപമേഖല : അക്കാദമികം / സാമൂഹ്യ ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമൂഹിക ശാസ്ത്രപഠനം കൂടുതൽ ശാസ്ത്രീയമാക്കുക | വിദ്യാലയത്തിലെ സൗകര്യപ്രദമായ ഒരു മുറിയിൽ സാമൂഹ്യ ശാസ്ത്രലാബ് ക്രമീകരിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് | 5000/- (പി.റ്റി.എ.) |

പ്രവർത്തനം

പേര് : പഠനയാത്രകൾ

മേഖല/ഉപമേഖല : അക്കാദമികം / സാമൂഹ്യ ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പ്രത്യക്ഷാനുഭവത്തിലൂടെ പാഠ്യവസ്തുതകൾ ഗ്രഹിക്കുന്നതിന് | സാമൂഹ്യ ശാസ്ത്രപ്രാധാന്യമുള്ള സ്ഥലങ്ങൾ സ്മാരകങ്ങൾ തുടങ്ങിയ ഇടങ്ങളിലേക്ക് നടത്തുന്ന പഠനയാത്രകൾ | മാസത്തിൽ ഒന്നുവീതം | എസ്.ആർ.ജി. | 20000/- (സ്പോൺ സർഷിപ്പ്) |

പ്രവർത്തനം

പേര് : ഡിബേറ്റ് ക്ലബ്ബ്

മേഖല/ഉപമേഖല : അക്കാദമികം / സാമൂഹിക ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആനുകാലിക വിഷയങ്ങളെക്കുറിച്ച് സംവാദം നടത്തി നിഗമനങ്ങൾ രൂപീകരിക്കുക | സമകാലിക പ്രസക്തിയുള്ള സാമൂഹിക ശാസ്ത്രവിഷയ ങ്ങളെക്കുറിച്ച് സംവാദം, സെമിനാർ, ഡിബേറ്റ്, പാനൽ ചർച്ച, പ്രഭാഷണം തുടങ്ങിയവ സംഘടിപ്പിക്കൽ | മാസത്തിൽ ഒന്നുവീതം | എസ്.ആർ.ജി. | 10000/- (എസ്.ഡി.സി.) |

പ്രവർത്തനം

പേര് : മോക്ക് പാർലമെന്റ്

മേഖല/ഉപമേഖല : അക്കാദമികം / സാമൂഹിക ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ജനാധിപത്യ മൂല്യങ്ങൾ വളർത്തിയെടുക്കൽ | പ്രകടനപത്രിക, പ്രചാരണം, മീറ്റ് ദി കാൻഡിഡേറ്റ്, ബാലറ്റ് പേപ്പർ വച്ചുള്ള വോട്ടെടുപ്പ് എന്നിവയിലൂടെ സ്കൂൾ പാർലമെന്റ് രൂപീകരിക്കൽ. ഇതിന്റെ നേതൃത്വത്തിൽ ഇടവേളകളിൽ മോക്ക് പാർലമെന്റ് സംഘടിപ്പിക്കൽ | 5 എണ്ണം<br>1. കാലവർഷ സമ്മേളനം<br>2. തുലാവർഷ സമ്മേളനം<br>3. ഓണക്കാല സമ്മേളനം<br>4. ക്രിസ്മസ് സമ്മേളനം<br>5. വേനൽക്കാല സമ്മേളനം | എസ്.ആർ.ജി. സ്കൂൾ പാർലമെന്റ് | – – |

പ്രവർത്തനം

പേര് : സാമൂഹ്യശാസ്ത്ര ലൈബ്രറി കോർണർ

മേഖല/ഉപമേഖല : അക്കാദമികം / സാമൂഹിക ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമൂഹിക ശാസ്ത്രത്തിന്റെ വിശാലമായ ഭൂമികയിലേക്ക് പ്രവേശിപ്പിക്കൽ | അധികവായനയ്ക്ക് ഉപകരിക്കുന്ന പുസ്തകങ്ങൾ, അറ്റ്ലസുകൾ, ഇയർ ബുക്കുകൾ എന്നിവ ക്രമീകരിച്ച സാമൂഹ്യശാസ്ത്ര വായന കോർണർ ഒരുക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | സാമൂഹിക ശാസ്ത്ര ക്ലബ്ബ് | 5000/- (സ്പോൺസർഷിപ്പ്) |

പ്രവർത്തനം

പേര് : ബുള്ളറ്റിൻ ബോർഡ്

മേഖല/ഉപമേഖല : അക്കാദമികം / സാമൂഹിക ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമൂഹിക ശാസ്ത്ര അറിവുകളെ അപ്ഡേറ്റ് ചെയ്യൽ | വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികൾക്കും വായിക്കുവാൻ സൗകര്യപ്രദമായ ഒരിടത്ത് ബുള്ളറ്റിൻ ബോർഡ് സ്ഥാപിക്കുകയും എല്ലാ ദിവസത്തേയും പ്രധാനവാർത്തകൾ പ്രദർശിപ്പിക്കുകയും ചെയ്യൽ | എല്ലാ പ്രവൃത്തി ദിവസങ്ങളിലും | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് | 1000/- (പി.ടി.എ.) |

പ്രവർത്തനം
പേര് : രാഷ്ട്രഭാഷ, ശ്രേഷ്ഠഭാഷ
മേഖല/ഉപമേഖല : അക്കാദമികം / ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഹിന്ദി പഠനം കാര്യക്ഷമമാക്കൽ | ഹിന്ദിയിൽ വിവിധ പതിപ്പുകൾ തയ്യാറാക്കൽ, നാടകീകരണം, ഹിന്ദി ബുള്ളറ്റിൻ പ്രസിദ്ധീകരിക്കൽ | മാസത്തിൽ ഒന്നുവീതം | ഹിന്ദി ക്ലബ്ബ് | 5000/- (എസ്.എസ്.ജി.) |

പ്രവർത്തനം
പേര് : കലാമണ്ഡപം
മേഖല/ഉപമേഖല : അക്കാദമികം / കലാ-വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കലാവാസനകൾക്ക് പരിപോഷണം | നൃത്തം, ചെണ്ട, സംഗീതം തുടങ്ങിയ കലകളുടെ പരിശീലനത്തിനായി കലാമണ്ഡപം എന്ന പേരിൽ പരിശീലന കേന്ദ്രം ആരംഭിക്കണം. അവധി ദിവസങ്ങളിൽ പരിശീലനം | അവധി ദിവസങ്ങൾ | ആർട്ട്സ് ക്ലബ്ബ്/ കലാദ്ധ്യാപകൻ | 200000/- (സി.എസ്.ആർ. ഫണ്ട്) |

പ്രവർത്തനം 3
പേര് : ചിത്രരചനാക്കളരി
മേഖല/ഉപമേഖല : അക്കാദമികം / കലാ-വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ചിത്രരചനയിൽ പ്രാവീണ്യം നേടൽ | മദ്ധ്യവേനൽ അവധിക്കാലത്ത് അഞ്ചുദിവസം നീണ്ടുനിൽക്കുന്ന ചിത്രരചനാ പരിശീലനം | മദ്ധ്യ വേനൽ അവധി ക്കാലം (5 ദിവസം) | എസ്.ആർ.ജി. | 10000/- (എസ്.ഡി.സി.) |

പ്രവർത്തനം

പേര് : കായിക പരിശീലനം

മേഖല/ഉപമേഖല : അക്കാദമികം / കായിക വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കായിക പരിശീലനം കാര്യക്ഷമമാക്കൽ | രാവിലെയും വൈകുന്നേരവും കായിക പരിശീലനം കുട്ടികൾക്ക് ലഘുഭക്ഷണം നൽകൽ | ആഴ്ചയിൽ (3 ദിവസം) | പി.ടി.എ. കായിക അദ്ധ്യാപകൻ | 10000/- (സ്പോൺ സർഷിപ്പ്) |

പ്രവർത്തനം

പേര് : കായിക താരങ്ങൾക്ക് അവാർഡ് / സമ്മാനങ്ങൾ

മേഖല/ഉപമേഖല : അക്കാദമികം / കായിക വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അവാർഡ് / സമ്മാനം നൽകി ആദരിക്കൽ | സ്കൂൾതലം, ഉപ ജില്ലാതലം, ജില്ലാതലം, സംസ്ഥാന തലം വിജയികൾക്ക് ക്യാഷ് അവാർഡും മൊമെന്റോയും നൽകൽ | ഓരോ തലത്തി ലേയും മത്സരങ്ങ ൾക്കുശേഷം | എച്ച്. എം. കായിക അദ്ധ്യാപകൻ | 5000/- (സ്പോൺ സർഷിപ്പ്) |

പ്രവർത്തനം

പേര് : മെഡിക്കൽ ക്യാമ്പ്

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആരോഗ്യമുള്ള സമൂഹത്തെ രൂപപ്പെടുത്തൽ | വർഷത്തിൽ ഒരു പ്രാവശ്യം കുട്ടികൾക്കും രക്ഷിതാക്കൾക്കും സമഗ്രമായ വൈദ്യ പരിശോധന നടത്തൽ | വർഷ ത്തിൽ ഒന്നു വീതം | എച്ച്. എം. പി.ടി.എ. | 10000/- (പി.ടി.എ.) |

പ്രവർത്തനം

പേര് : പച്ചക്കറിത്തോട്ടം

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കാർഷിക സംസ്കൃതിയെ വീണ്ടെടുക്കൽ | വിദ്യാലയത്തിലെ സൗകര്യപ്രദമായ സ്ഥലത്ത് ആകർഷക മായ വിധത്തിൽ പച്ചക്കറി തോട്ടം ഉണ്ടാക്കൽ | വർഷ ത്തിൽ ഒരു പ്രാവശ്യം | എസ്.ആർ.ജി. എസ്.എസ്. ജി. | 5000/- (കൃഷിവകുപ്പ്) |

പ്രവർത്തനം

പേര് : ജൈവ വൈവിധ്യപാർക്ക്

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പ്രകൃതിയെ അടുത്തറിയാൻ അവസരമൊരുക്കുക | സ്കൂളിൽ സൗകര്യപ്രദ മായ സ്ഥലത്ത് ജൈവ വൈവിധ്യ പാർക്ക് നിർമ്മിക്കൽ | ഒരു പ്രാവശ്യം | എസ്.ആർ.ജി. | 25000/- (എസ്.എസ്.എ.) |

പ്രവർത്തനം

പേര് : ക്ലാസ്സ് പി.ടി.എ. സജീവമാക്കൽ

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളുടെ പഠനം കൂടുതൽ മെച്ചപ്പെടുത്തൽ | ക്ലാസ്സ് പി.ടി.എ. കൃത്യമായ അജണ്ട വച്ച് പ്രതിമാസം ചേരൽ, പഠനപുരോഗതി പരിശോധിക്കൽ, മികവുകളുടെ അവതരണം, പൊതുചർച്ച എന്നിവയുണ്ടാകണം | പ്രതിമാസ പരിപാടി | ക്ലാസ്സ് ടീച്ചർ | - - |

പ്രവർത്തനം

പേര് : പോഷകാഹാര പരിപാടി

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആരോഗ്യമുള്ള ശരീരം പഠനത്തിന് അനിവാര്യം | ആഴ്ചയിൽ ഓരോ ദിവസവും വ്യത്യസ്ത മെനു വച്ച് പോഷക സമൃദ്ധമായ ഉച്ചഭക്ഷണം നൽകൽ | എല്ലാ പ്രവൃത്തി ദിവസ ങ്ങളിലും | ഉച്ചഭക്ഷണ ചുമതലയുള്ള ടീച്ചർ, എച്ച്.എം., പി.ടി.എ. | 50000/- സി.എസ്.ആർ. ഫണ്ട് |

പ്രവർത്തനം

പേര് : ഗവേഷണ പ്രോജക്ടുകൾ

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിദ്യാലയത്തിന്റെ പ്രശ്നങ്ങൾ കണ്ടെത്തുന്നതിനും കൂടുതൽ മികവുറ്റതാക്കുന്നതിനും ഉപകരിക്കുന്ന ഗവേഷണങ്ങൾ | പൂർവ്വ വിദ്യാർത്ഥികളുടെ ഡേറ്റാ ബുക്ക് തയ്യാറാക്കൽ, പഠന പിന്നാക്കാവസ്ഥ യുള്ളവർക്കുള്ള പ്രത്യേക വർക്ക്ഷീറ്റുകൾ തയ്യാറാക്കൽ, സർവ്വേ നടത്തി ഇനിയും മെച്ചപ്പെടുത്തേണ്ടവ കണ്ടെത്തൽ തുടങ്ങിയ പ്രവർത്തനങ്ങൾ | വർഷത്തിൽ ഒന്നുവീതം | എസ്.ആർ.ജി. പി.ടി.എ. എം.പി.ടി.എ. എസ്.എസ്.ജി. | - - |

പ്രവർത്തനം

പേര് : വരയും കുറിയും

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിദ്യാലയത്തിന്റെയും ഗ്രാമത്തിന്റെയും ഗതകാലത്തിന്റെ ചിത്രാവിഷ്ക്കാരം | ഓരോ വിദ്യാലയത്തിനും അത് സ്ഥിതിചെയ്യുന്ന പ്രദേശത്തിനും സവിശേഷമായ ഒരു ചരിത്രമുണ്ട്. ഈ ചരിത്രം രേഖാചിത്രീകരണങ്ങ ളിലൂടെയുംലഘു വിവരണ ങ്ങളിലൂടെയും രേഖപ്പെ ടുത്തിപുസ്തകമാക്കുന്നു. | ഒരു പ്രാവശ്യം | ഒ.എസ്.എ. എസ്.എസ്.ജി. | 10000/- (പി.ടി.എ.) |

പ്രവർത്തനം

പേര് : ജന്മദിനത്തിനൊരു പുസ്തകം

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ക്ലാസ്സ് ലൈബ്രറിയുടെ നവീകരണം | ക്ലാസ്സ് ടീച്ചറും കുട്ടികളും ജന്മദിനത്തിൽ ഒരു പുസ്തകം വീതം ക്ലാസ്സ് ഗ്രന്ഥശാലയിലേക്ക് സംഭാവന ചെയ്യുന്നു. കുടുംബാംഗങ്ങളെ മുഴുവൻ ഈ പ്രവർത്തന ത്തിൽ പങ്കാളികളാക്കാം. | എല്ലാ ജന്മ ദിനങ്ങളിലും | ക്ലാസ്സ് ടീച്ചർ, ക്ലാസ്സ് ലീഡർ | — |

പ്രവർത്തനം
പേര് : ശാസ്ത്രമാജിക്
മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തുക | ശാസ്ത്രതത്വങ്ങൾ എളുപ്പം മനസ്സിലാക്കുവാൻ ഉപകരിക്കുന്ന രസകരമായ ലഘു പരീക്ഷണങ്ങൾ കുട്ടികൾ തന്നെ അവതരിപ്പിക്കണം. അവയുടെ പ്രവർത്തന ക്രമം ചിത്രം സഹിതം പ്രത്യേകം ബുക്കിൽ വരച്ച് രേഖപ്പെടുത്തണം | മാസത്തിൽ ഒന്നുവീതം | എസ്.ആർ.ജി. | — |

പ്രവർത്തനം
പേര് : വർക്ക്ഷീറ്റ് നിർമ്മിക്കൽ
മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ബാലസാഹിത്യ മാസികകളെ ഫലപ്രദമായി ഉപയോഗിക്കൽ | വായിച്ചു കഴിഞ്ഞ ബാലസാഹിത്യ വാരികകളിലേയും മാസികകളിലേയും ചിത്രങ്ങൾ ഒരു പേപ്പറിന്റെ മുകൾ ഭാഗത്തായി ഒട്ടിക്കുന്നു. ഇതിന് അനുയോജ്യമായ അടിക്കുറിപ്പ്, കവിത, കഥ വിവരണം എന്നിവ എഴുതിച്ചേർത്ത് വർക്ക് ഷീറ്റ് തയ്യാറാക്കൽ | മാസത്തിൽ രണ്ടു പ്രാവശ്യം | എസ്.ആർ.ജി. | — |

പ്രവർത്തനം
പേര് : സമ്മർ ഗ്രാമർ സ്കൂൾ
മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് വ്യാകരണ പാഠങ്ങളിൽ പ്രാവീണ്യം നേടൽ | പൂർവ്വ അദ്ധ്യാപകരെ പ്രയോജനപ്പെടുത്തി മദ്ധ്യവേനൽ അവധിക്കാലത്ത് ഒരാഴ്ച നീണ്ടുനിൽക്കുന്ന ഇംഗ്ലീഷ് വ്യാകരണ പരിശീലനം | അവധി ദിവസങ്ങൾ | ഒ.റ്റി.എ. എസ്.എസ്.ജി. | — |